**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 161** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ സിംഗിൾ സ്കീം നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എം.കെ . മുനീർ | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ സിംഗിൾ സ്കീം നിയമനം നടപ്പാക്കാൻ തീരുമാനം ഉണ്ടോയെന്ന് അറിയിക്കാമോ; | (എ) | വകുപ്പിലെ അടിസ്ഥാന വിഭാഗക്കാരായ ഫയർ & റെസ്ക്യൂ ഓഫീസർ, ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികകൾ ഏകീകരിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചു വരികയാണ്. |
| (ബി) | സിവിൽ ഡിഫൻസ്, കമ്മ്യൂണിറ്റി റസ്ക്യൂ വാളണ്ടിയർ എന്നീ വിഭാഗങ്ങൾ അവരുടെ ട്രയിനിംഗ് കഴിയുന്നതോടുകൂടി ഒരു ഫയർമാന്റേതിനു തുല്യമായ യോഗ്യത നേടും എന്നാൽ അതനുസരിച്ച് ഫയർമാൻ ജീവനക്കാർ, സർവ്വീസിലെ എല്ലാ ടെക്നിക്കൽ ഉപകരണങ്ങളും അതു പോലെ ടെക്നിക്കൽ വാഹനമായ ഫയർ എഞ്ചിൻ അടക്കമുള്ള വാഹനങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്ന വിധത്തിൽ സിംഗിൾ സ്കീം തസ്തിക ആക്കുവാൻ സർക്കാർ തയ്യാറാകുമോ; | (ബി) | വകുപ്പിലെ അടിസ്ഥാന വിഭാഗക്കാരായ ഫയർ & റെസ്ക്യൂ ഓഫീസർ, ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികകൾ ഏകീകരിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചു വരികയാണ്. |
| (സി) | ട്രെയിനിംഗ് കാലത്ത് ലൈറ്റ് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ച ഫയർമാൻ ജീവനക്കാർക്ക് ഹെവി ഡ്രൈവിംഗ് ലൈസൻസ് എടുത്ത് നൽകി ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ ആയി ഉയർത്തി തസ്തിക ഏകീകരിച്ച ശേഷം ജീവനക്കാരെ ക്രമീകരിച്ചാൽ പുതിയ തസ്തിക സൃഷ്ടിക്കാതെ 30-ഓളം പുതിയ സ്റ്റേഷൻ തുറക്കാൻ കഴിയും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കുമോ; | (സി) | നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ഫയർ & റെസ്ക്യൂ ഓഫീസർ തസ്തികയിലുള്ളവരിൽ ഹെവി ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർക്ക് തസ്തികമാറ്റം വഴി ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികയിലേയ്ക്ക് നിയമനം നൽകാവുന്നതാണ്. |
| (ഡി) | ഫയർമാൻ ഡ്രൈവർ തസ്തിക കുറവായതിനാൽ പലപ്പോഴും രക്ഷാ പ്രവർത്തനത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഫയർഫോഴ്സിൽ രക്ഷാപ്രവർത്തനം എന്നത് ഒരു കൂട്ടായ പ്രവർത്തിയാണ്. അതിൽ പ്രത്യേക തസ്തിക എന്ന രീതിയിലുള്ള കുറവു ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇത്തരത്തിൽ കാലതാമസം ഉണ്ടാകുന്നത് ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നത് ഒഴിവാക്കുന്നതിന് അഗ്നി രക്ഷാ സേനയിൽ | (ഇ) | വകുപ്പ് ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സിംഗിൾ സ്കീം നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| | സിംഗിൽ സ്കീം നിയമനം നടപ്പാക്കുന്നത് പരിഗണിക്കുമോ; | | |
| (എഫ്) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ മിഠായിത്തെരുവ്, ഏലത്തൂർ, ഹൈലൈറ്റ് മാൾ, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (എഫ്) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ മെഡിക്കൽ കോളേജ്, എലത്തൂർ, പാലാഴി ഹൈലറ്റ്മാൾ, മിഠായിത്തെരുവ് എന്നീ കേന്ദ്രങ്ങളിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ